പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5389 23.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സിയിലെ പെൻഷൻ പ്രായം

ചോദ്യം
ശ്രീ. പാറക്കൽ അബ്ദുല്ല

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തമിഴ്നാട്ടിൽ ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ വിരമിക്കൽ പ്രായം 58ഉം കർണാടകത്തിൽ 60ഉം ആണെന്ന കാര്യം സർക്കാറിന്റെ ശ്രദ്ധയിലുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സിയിൽ എത്ര സ്ഥിരം ജീവനക്കാരുണ്ട്; ഇതിൽ എത്ര പേർ അടുത്ത രണ്ട് വർഷത്തിനുള്ളിൽ വിരമിക്കും; | (ബി) | കെ.എസ്.ആർ.ടി.സിയിൽ 4/2017 മാസത്തിലെ കണക്കനുസരിച്ച് 34,966 സ്ഥിരം ജീവനക്കാരുണ്ട്. അടുത്ത രണ്ട് വർഷത്തിനുള്ളിൽ 05/2017 മുതൽ 04/2019 വരെ 2265 പേർ വിരമിക്കും.<br>കണ്ടക്ടർ വിഭാഗം - 247<br>ഡ്രൈവർ വിഭാഗം - 1308<br>മിനിസ്റ്റീരിയൽ വിഭാഗം - 187<br>മെക്കാനിക്കൽ വിഭാഗം - 162<br>SM, Inspector, VS & HVS - 311<br>ഹയർ ഡിവിഷൻ വിഭാഗം - 50<br>ആകെ - **2265** |
| (സി) | ഇവർക്ക് പെൻഷൻ നൽകാൻ എത്ര കോടി രൂപകൂടി കോർപ്പറേഷൻ കണ്ടെത്തേണ്ടിവരും; | (സി) | പ്രതിമാസം 3 കോടി 78 ലക്ഷം രൂപ വേണ്ടി വരും. കൂടാതെ, ഏതാണ്ട് 144 കോടി രൂപ ടിയാളുകളുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുവാൻ കണ്ടെത്തേണ്ടതുണ്ട്. |
| (ഡി) | ഈ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ കോർപ്പറേഷനിൽ പെൻഷൻ പ്രായം ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | (ഡി) | ശ്രീ. സുശീൽ ഖന്നയുടെ പ്രാഥമിക നിഗമനത്തിൽ ഇക്കാര്യം ശിപാർശ ചെയ്തിട്ടുണ്ട്. തീരുമാനമെടുത്തിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | 56 വയസ്സ് കഴിഞ്ഞ കാഴ്ച കുറവുള്ള ഡ്രൈവർമാരെ മറ്റു ജോലികളിൽ നിയമിക്കുന്ന കാര്യം കോർപ്പറേഷന്റെ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ഇ) | നിലവിൽ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**